(സി) അറവുശാലകളുടെ പ്രവർത്തനത്തെയും ഗുണനിലവാരത്തെയും പറ്റി പരിശോധിക്കുന്നതിന് ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ഡി) 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കുറിപ്പിന്റെ അടിസ്ഥാനത്തിലുള്ള അർബൻ അഫയേഴ്സ് ഡയറക്ടറുടെ 7-5-2004-ലെ എച്ച്/417/04 നമ്പർ സർക്കുലർ എന്നിവയിലെ വ്യവസ്ഥകളാണ് അറവുശാലകളുടെ പ്രവർത്തനത്തിന് നിഷ്കർഷിച്ചിട്ടുള്ളത്.

ഇൻഫർമേഷൻ കേരള മിഷൻ പ്രോജക്ട്

116 [2608] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ പ്രോജക്ടിനായി സംസ്ഥാന സർക്കാർ ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) ഓരോ വർഷവും ചെലവഴിച്ചതിന്റെ കണക്ക് നൽകുമോ;

(സി) വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ഇതുവരെ ഇൻഫർമേഷൻ കേരള മിഷന് എത്ര തുക ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10.86 കോടി രൂപ ചെലവഴിച്ചു. (2004 മാർച്ച് 31 വരെ)

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) 1525.88 ലക്ഷം രൂപ (സംസ്ഥാന പദ്ധതി വിഹിതവും കേന്ദ്ര സഹായവും ഉൾപ്പടെ).

കേരള വികസന പദ്ധതി കുറ്റമറ്റതാക്കാൻ നടപടി

117 [2609] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 സാമ്പത്തിക വർഷത്തെ കേരള വികസന പദ്ധതി നടപ്പാക്കുന്നതിൽ സംഭവിച്ച അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വീഴ്ചക്ക് കാരണമായ ഘടകങ്ങൾ എന്തെന്നും അവ പരിഹരിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതേ തുടർന്നുള്ള വിവാദങ്ങളുടെ നിജസ്ഥിതിയും കാര്യകാരണങ്ങളും ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ എന്തെല്ലാം പരിപാടികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) കേരള വികസനം കുറ്റമറ്റതാക്കാനും ജനക്ഷേമം എന്ന മഹത്‌ലക്ഷ്യം സാക്ഷാത്ക്കരിക്കാനും ഉതകുന്നതാവാൻ എന്തെല്ലാം നവീകരണങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന് കൂടുതൽ സമയം വേണ്ടി വന്നതിനാൽ 2002-03 വാർഷിക പദ്ധതി ആരംഭിക്കുന്നതിന് താമസം ഉണ്ടായിട്ടുണ്ട്.

(സി) വികേന്ദ്രീകൃതാസൂത്രണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വീകാര്യമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക, പദ്ധതികൾ കൂടുതൽ കാര്യക്ഷമതയോടും ചെലവു ചുരുക്കിയും നടപ്പാക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക, ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള ജൈവബന്ധം കൂടുതൽ ദൃഢമാക്കുക, ജനങ്ങളുടെ പ്രതികരണം ഉൾക്കൊണ്ട് ഭരണം നടത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക, സംയോജിത പ്രോജക്ടുകളും ബഹുവർഷ പ്രോജക്ടുകളും തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിന് സാഹചര്യം സൃഷ്ടിക്കുക മുതലായവയാണ് കേരള വികസന പദ്ധതി വഴി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

(ഡി) (1) വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുകയെന്നതാണ് കേരള വികസന പദ്ധതിയുടെ ലക്ഷ്യം.

(2) പദ്ധതി വിഹിതത്തിന് അനുസൃതമായി പദ്ധതി നിർദ്ദേശങ്ങൾ പ്രോജക്ടുകളായി തയ്യാറാക്കി മുൻഗണന നിശ്ചയിക്കുകയെന്നതാണ് ഇനിയുള്ള വാർഷിക പദ്ധതികളിലെ പദ്ധതി ആസൂത്രണത്തിലെ പ്രധാന പ്രവർത്തനം.

(3) 2004-05 വാർഷിക പദ്ധതി പ്രോജക്ടുകൾ 2003 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ തയ്യാറാക്കുകയും 2004-05-ലെ സംസ്ഥാന ബഡ്ജറ്റിനോടൊപ്പം അംഗീകരിക്കുകയും ചെയ്തു. അതുകൊണ്ട് ഇനിയുള്ള വാർഷിക പദ്ധതികൾ അത് സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ തുടങ്ങുവാൻ കഴിയുന്നതാണ്.

(4) സർക്കാർ നവീകരണ പരിപാടി (എം.ജി.പി.) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(5) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ പ്രദേശിക സാമ്പത്തിക വികസനം.

(6) നിലവിലുള്ള ആസ്തികളുടെ പുനരുദ്ധാരണം.

(7) പരമ്പരാഗത വ്യവസായങ്ങൾ പരിഷ്ക്കരിക്കുക, ദരിദ്ര്യ വിഭാഗങ്ങളുടെ സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(8) കുടുബശ്രീ മാതൃകയിലുള്ള ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ.

(9) പരിശീലനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രം.

(10) നീർത്തടാടിസ്ഥാനത്തിൽ സംയോജിത കാർഷിക വികസനം.

(11) വിഭവങ്ങൾ നേരിയ തോതിൽ വിന്യസിക്കുന്ന രീതി ഒഴിവാക്കുക.

(12) പദ്ധതി വിഹിതം മേഖലാവിഭജനം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള പരിധി ഉറപ്പാക്കുക.

(13) ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രത്യേക പരിപാടികൾക്ക് നിർബന്ധമായും തുക വകയിരുത്തുക.

(14) ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കുക.

(15) വനിതകൾക്ക് പ്രത്യേക പദ്ധതി.

(16) ശിശുക്കൾ, വൃദ്ധർ, വികലാംഗർ, അഗതികൾ എന്നിവർക്ക് പ്രത്യേക പദ്ധതി.

(17) കുടിവെള്ള പ്രോജക്ടുകൾക്കും ജലസേചന പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം നിർബന്ധമായും വകയിരുത്തുക.

(18) സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുക.

(19) അഗതികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി ആശ്രയ പദ്ധതി.

(20) കമ്പ്യൂട്ടർ സാക്ഷരതയില്ലാത്തതായ എല്ലാ ഭവനങ്ങളിലേയും പ്രായപൂർത്തിയായ ഒരാൾക്ക് പ്രസ്തുത കാര്യത്തിൽ പരിശീലനം നൽകുന്നതിനായി അക്ഷയ കമ്പ്യൂട്ടർ സാക്ഷരത പരിശീലന പരിപാടി.

(21) ക്ലീൻ കേരള പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് താലൂക്ക് ആസ്ഥാനങ്ങളുള്ള പഞ്ചായത്തുകളിൽ പ്രത്യേക പ്രോജക്ടുകൾ.

ഭവന നിർമ്മാണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക

118 [2610] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്ത് തുകയാണ് നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; ഇതിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾക്കായി എന്തുതുകയാണ് ചെലവഴിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly